# കേരള ഗവൺമന്റ് വെറ്ററിനറി ഓഫീസേഴ്സ് അസോസിയേഷൻ അനിശ്ചിതകാല പണിമുടക്കിലേക്ക്

പത്താം ശമ്പള പരിഷ്കരണത്തിൽ നേരിട്ട അവഗണനയിൽ പ്രതിഷേധിച്ച് കേരള ഗവൺമന്റ് വെറ്ററിനറി ഓഫീസേഴ്സ് അസോസിയേഷന്റെ ആഹ്വാന പ്രകാരം, ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റെ പിന്തുണയോടെ സംസ്ഥാനത്തെ വെറ്ററിനറി ഡോക്ടർമാർ ഫെബ്രുവരി 22 തിങ്കളാഴ്ച മുതൽ അനിശ്ചിതകാല സമരം തുടങ്ങുകയാണ്.

ചരിത്രത്തിൽ ഇന്നു വരെ നേരിട്ട ഏറ്റവും വലിയ അവഹേളനമാണ് ഇക്കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിലൂടെ വെറ്ററിനറി ഡോക്ടർമാർക്ക് അനുഭവിക്കേണ്ടി വന്നത്. ഒൻപതാം ശമ്പള പരിഷ്കരണത്തിനു ശേഷം മാത്രം ഗസറ്റഡ് പദവിയിലെത്തിയ മറ്റ് പല വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കേരളപ്പിറവി മുതൽ ഗസറ്റഡ് പദവിയുള്ള വെറ്ററിനറി ഡോക്ടർമാരേക്കാൾ ഉയർന്ന ശമ്പള സ്കെയിൽ പത്താം ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചു നൽകി.

മറ്റുള്ള മിക്ക സംസ്ഥാനങ്ങളിലും, കേന്ദ്ര സർക്കാർ സർവീസിലും വെറ്ററിനറി ഡോക്ടർക്കും ജനറൽ ഡ്യൂട്ടി മെഡിക്കൽ ഡോക്ടർമാർക്കും ഒരേ ശമ്പളം നൽകുമ്പോൾ വെറ്ററിനറി ഡോക്ടർമാർക്ക് 15-ാം വർഷം മാത്രം ലഭിക്കുന്ന, അവരുടെ രണ്ടാമത് പ്രോമോഷൻ തസ്തികയുടെ ശമ്പളമാണ് എൻട്രി കേഡറിൽത്തന്നെ കേരളത്തിലെ ജനറൽ ഡ്യൂട്ടി മെഡിക്കൽ ഡോക്ടർമാർക്ക് സർക്കാർ അനുവദിച്ചിരിക്കുന്നത്.

പതിനഞ്ച് വർഷം വരെ ഒരേ ശമ്പള സ്കെയിലിൽ ജോലി ചെയ്തു വന്ന ശേഷം അപ്പോഴുള്ള 42500-87000 എന്ന ശമ്പള സ്കെയിലിൽ നിന്നും 68700-110400 എന്ന സ്കെയിൽ അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തുടങ്ങിയവർക്ക് അനുവദിച്ചപ്പോൾ വെറ്ററിനറി ഡോക്ടർമാർക്ക് അനുവദിച്ചതു 45800-89000 എന്ന സ്കെയിലാണ്. അതായത് അടിസ്ഥാന ശമ്പളത്തിലെ മാത്രം വ്യത്യാസം 22900 രൂപ!! ഇതേ പോലെ എൻട്രി കേഡറിൽ വെറ്ററിനറി ഡോക്ടർക്കൊപ്പം 39500-83000 എന്ന ഒരേ ശമ്പള സ്കെയിലിൽ സർവീസിൽ പ്രവേശിക്കുന്ന ഫോറസ്റ്റ് റേഞ്ച് ഓഫീസർക്കും, പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കും 15-ാം വർഷം മുതൽ 77400 മുതൽ തുടങ്ങുന്ന സ്കെയിലും (വ്യത്യാസം 31600 രൂപ), ഡെന്റൽ അസിസ്റ്റന്റ് സർജന് 85000 മുതൽ തുടങ്ങുന്ന സ്കെയിലും (വ്യത്യാസം 39200 രൂപ) ഇത്തവണ സർക്കാർ അനുവദിച്ചു നൽകി.

പേവിഷ ബാധ, പക്ഷിപ്പനി, ആന്ത്രാക്സ് അടങ്ങിയ മാരകമായ രോഗങ്ങളുമായി ഇടപെടുകയും, കന്നുകാലികൾ, നായ്ക്കൾ തുടങ്ങിയവയുടെ ആക്രമണങ്ങൾക്ക് ദിവസേന വിധേയമാകേണ്ടി വരികയും ചെയ്യുന്ന വെറ്ററിനറി ഡോക്ടർമാർക്ക് നൽകി വന്നിരുന്ന റിസ്ക് അലവൻസ് ഈ ശമ്പള പരിഷ്കരണത്തിൽ സർക്കാർ എടുത്തു കളഞ്ഞു. സ്വന്തം ജീവൻ പണയം വെച്ചു കൊണ്ട് പൊതുജനങ്ങളുടെ ജീവൻ രക്ഷിക്കുവാൻ അതിസാഹസികമായി പ്രവർത്തിക്കുന്ന എലിഫന്റ് സ്ക്വാഡിലെ ഡോക്ടർമാർക്ക് അനുവദിച്ചിരുന്ന എലിഫന്റ് സ്ക്വാഡ് അലവൻസ് സർക്കാർ വേണ്ടെന്നു വച്ചതു ആനയെ മയക്കുവെടി വയ്ക്കുന്നതിനിടയിൽ ആനയുടെ കുത്തേറ്റ് ഡോ.ഗോപകുമാർ അതിദാരുണമാംവിധം മരണപ്പെട്ട് ഒരു വർഷം പോലും തികയും മുൻപാണ് എന്നതാണ് ഏറ്റവും ദു:ഖകരം.

ആരോഗ്യ വകുപ്പിലെ ജനറൽ ഡ്യൂട്ടി മെഡിക്കൽ ഡോക്ടർമാരുടെയും ഇതര പ്രൊഫഷണലുകളായ ആയുർവേദ ഡോക്ടർ, ഹോമിയോ ഡോക്ടർ, കൃഷി ഓഫീസർ മുതലായവരുടേയും ചുമതലകളിൽ നിന്ന് ഏറെ വ്യതസ്തവും എണ്ണത്തിൽ കൂടുതലുമുള്ള ചുമതലകളാണ് ഒരു വെറ്ററിനറി ഡോക്ടർക്ക് ദൈനംദിനം നിർവഹിക്കേണ്ടി വരുന്നത്. മേൽപ്പറഞ്ഞ ഡോക്ടർമാർക്ക് തങ്ങളുടെ ആശുപത്രികളിലെത്തുന്ന താരതമ്യേന ലഘുവായ അസുഖങ്ങളുള്ള രോഗികളെ മാത്രം ചികിൽസിച്ചാൽ മതിയാകും. അൽപ്പമെങ്കിലും ഗൗരവമുള്ള അസുഖങ്ങളാണെങ്കിൽ കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു ആശുപത്രിയിലേക്കോ ഒരു സ്പെഷ്യലിസ്റ്റിന്റെ അടുത്തേയ്ക്കോ രോഗികളെ റഫർ ചെയ്യുകയാണ് പതിവ്. പഞ്ചായത്ത് തലത്തിലുള്ള മെഡിക്കൽ - ആയുർവേദ - ഹോമിയോ ആശുപത്രികളിലോ, അവിടുത്തെ ഡോക്ടർമാരോ ശസ്ത്രക്രിയകൾ, വന്ധ്യതാ നിവാരണ ചികിൽസകൾ, ഗർഭ - പ്രസവ സംബന്ധമായ

ചികിൽസകൾ മുതലായവ സാധാരണ ഗതിയിൽ ചെയ്യാറില്ല. എന്നാൽ പഞ്ചായത്ത് - മുനിസിപ്പാലിറ്റി തലത്തിലെ വെറ്ററിനറി ആശുപത്രികളിൽ ജോലി ചെയ്യുന്ന ഏതൊരു വെറ്ററിനറി ഡോക്ടറും നിത്യേനയെന്നോണം ഇത്തരം ചികിൽസകൾ ചെയ്യുന്നുണ്ട്. മറ്റ് ഡോക്ടർമാരിൽ നിന്ന് വിഭിന്നമായി ആശുപത്രിയിൽ കൊണ്ടുവരുന്ന മൃഗങ്ങളെ ചികിത്സിക്കുന്നതിനു പുറമേ പക്ഷി - മൃഗാദികളില്ലാതെ ആശുപത്രിയിലെത്തുന്ന ഉടമസ്ഥർക്ക് ചികിൽസാ നിർദേശങ്ങൾ നൽകുകയും അടിയന്തിര ചികിൽസ ആവശ്യമുള്ളവയെ നേരിട്ട് വീടുകളിൽ പോയി പരിശോധിച്ച് ചികിൽസിക്കുകയും ചെയ്യുന്നതിനോടൊപ്പം സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി നിർവഹണം നടത്തുകയും ചെയ്യേണ്ടി വരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർക്ക് തന്റെ കൃത്യനിർവഹണത്തിൽ ഏതാണ്ട് 14ഓളം ജീവനക്കാരുടെ സഹായം കിട്ടുമ്പോൾ വെറും 2 ജീവനക്കാർ മാത്രമാണ് അതിനേക്കാൾ അധികം ജോലിഭാരമുള്ള വെറ്ററിനറി ഡോക്ടർക്ക് സഹജീവനക്കാരായി ഉള്ളത്.

വെറ്ററിനറി ഡോക്ടർമാരുടെ ഇത്തരത്തിലുള്ള പ്രശ്നങ്ങളും 9-ാം ശമ്പള പരിഷ്കരണത്തിലെ അപാകതകളും പഠിക്കുവാൻ സർക്കാർ നിയോഗിച്ച ഗീത പോറ്റി കമ്മീഷൻ, വെറ്ററിനറി ഡോക്ടർമാരുടെ സേവന-വേതന വ്യവസ്ഥകളിലുള്ള അപാകതകൾ പരിഹരിക്കുവാനും, ചികിൽസയ്ക്കും പദ്ധതി നിർവഹണത്തിനും പ്രത്യേക വിഭാഗങ്ങൾ രൂപീകരിച്ചു കൊണ്ട് മൃഗ സംരക്ഷണ വകുപ്പ് അടിയന്തിരമായി പുന:സംഘടിപ്പിക്കുവാനും അതുവഴി കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം കർഷകർക്ക് നൽകുവാനുമുള്ള ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് 10-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അയച്ചു കൊടുത്തിരുന്നുവെങ്കിലും ശമ്പള കമ്മീഷൻ ആ റിപ്പോർട്ട് പരിഗണിച്ചതേയില്ല.

വകുപ്പ് പുന:സംഘടനയുടെ ആദ്യപടിയായി വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ഭരണപരമായ നിയന്ത്രണം വെറ്ററിനറി ആശുപത്രികൾക്ക് നൽകുകയും ഇതുവഴി അവിടങ്ങളിലെ ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവഹണത്തിനടക്കം ഫലപ്രദമായി വിനിയോഗിക്കുവാൻ സാഹചര്യമൊരുക്കുകയും ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് 2013 ജൂലൈയിൽ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തുകൾക്ക് / മുനിസിപ്പാലിറ്റികൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതും അവ തന്നെ ദൈനംദിന ചെലവുകൾ വഹിക്കുന്നതുമായ വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം ചില സ്ഥാപിത താൽപ്പര്യക്കാരുടെ സ്വാധീനങ്ങളുടെ ഫലമായി ജില്ലാ പഞ്ചായത്തിനു കീഴിലുള്ള പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ(RAHC)ക്ക് കൈമാറുവാൻ സർക്കാർ നീക്കം നടത്തുന്നു. ഇത് ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ അന്ത:സത്തയ്ക്ക് കടകവിരുദ്ധമാണെന്ന് മാത്രമല്ല, പദ്ധതി നിർവഹണമടക്കമുള്ള പ്രവർത്തനങ്ങൾക്ക് ഇവിടങ്ങളിലെ ജീവനക്കാരെ നിയോഗിക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും.

മേൽ വിഷയങ്ങളിൽ സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വെറ്ററിനറി ഡോക്ടർമാർ ഫെബ്രുവരി മാസത്തെ വകുപ്പ് തല ജില്ലാ കോൺഫറൻസ് ബഹിഷ്കരിക്കുകയും, ഫെബ്രുവരി 15ന് പണിമുടക്കി സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയും ചെയ്തുവെങ്കിലും പ്രശ്നപരിഹാരത്തിനായി യാതൊരുവിധ നടപടികളും സർക്കാർ ഇതുവരെ കൈക്കൊള്ളാത്തതിനാലും ഈ നിയമസഭയുടെ കാലാവധി അവസാനിക്കാറായതിനാലും സർക്കാരിനെ സമ്മർദ്ദത്തിലാക്കുവാൻ സമരം കൂടുതൽ ശക്തമാക്കുകയല്ലാതെ വേറേ മാർഗങ്ങളില്ല. ആയതിനാൽ ഫെബ്രുവരി 22-ാം തീയതി മുതൽ വെറ്ററിനറി ഡോക്ടർമാർ അനിശ്ചിതകാല പണിമുടക്ക് ആരംഭിക്കുകയാണ്. തീർത്തും ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുവാനും, വെറ്ററിനറി ഡോക്ടർമാരുടെ ആത്മാഭിമാനം സംരക്ഷിക്കുവാനുമുള്ള ഈ സമരപരിപാടികൾക്ക് അങ്ങയുടെ പരിപൂർണ്ണ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഡോ.സി.ശ്രീകുമാർ,**
**ജനറൽ സെക്രട്ടറി**
**കെ.ജി.വി.ഓ.എ**

**ഡോ.കെ.ആർ.അരുൺകുമാർ,**
**പ്രസിഡന്റ്**
**കെ.ജി.വി.ഓ.എ**